## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2255** **17.02.2016-ൽ മറുപടിയ്ക്ക്**

### കുറ്റിക്കോൽ പ്രീ-മെട്രിക് ഹോസ്റ്റലിന് കെട്ടിടം

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിലവിൽ ഏത് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്; | എ) | കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്ന സ്ഥലത്ത് ആൺകുട്ടികൾക്കു വേണ്ടിയുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിലവിൽ, ശ്രീ.ജനാർദ്ദനൻ നായർ (വായാട്ടുമൂല, വട്ടംതട്ട, കുറ്റിക്കോൽ) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ്, പ്രവർത്തിച്ചു വരുന്നത്. |
| ബി) | പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) & സി) | പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കുറ്റിക്കോൽ വില്ലേജിലെ റീസർവ്വേ നമ്പർ 149/2-ൽ ഉൾപ്പെട്ട 83 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. ടി ഭൂമിയ്ക്ക് മധ്യഭാഗത്തായി കടന്നു പോകുന്ന ഹൈടെൻഷൻ ലൈൻ മാറ്റുന്നതിന് 13,250/-രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുകയും ബോർഡ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകേണ്ടതുണ്ട്. |
| സി) | എങ്കിൽ ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ